(ഡി) സംസ്ഥാനത്തെ എല്ലാ പട്ടികജാതി സങ്കേതങ്ങളിലും വിജ്ഞാൻവാടികൾ ആരംഭിക്കുന്നത് സംബന്ധിച്ച് 11-1-12-ലെ സ.ഉ.(എംഎസ്.) നമ്പർ 07/12/പജപവവിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) ആയതിന്റെ ഭാഗമായി 1000 വിജ്ഞാൻവാടികൾ തുടങ്ങുന്നതിന് 500 ച.അടി വിസ്തീർണ്ണമുള്ള 1000 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും 50 കോടി രൂപ അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുകയുണ്ടായി. സ്ഥലത്തിന്റെ ദൗർലഭ്യം കാരണം നിലവിൽ 108 കെട്ടിടങ്ങൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ. പൂർത്തിയായ കെട്ടിടങ്ങളിൽ കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും ലൈബ്രറി, റീഡിംഗ് റൂം എന്നിവയുമായി 1.50 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിലെ ക്ഷേമ വികസന പദ്ധതികൾ

318(2787) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും ആവിഷ്കരിച്ചിട്ടുള്ള ക്ഷേമ വികസന പദ്ധതികൾ എന്തെല്ലാം;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നഴ്സറി തലം മുതൽ പി.എച്ച്.ഡി. ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്കു വരെ വകുപ്പുതലത്തിൽ വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നു. ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നു. നഴ്സറി സ്കൂളുകളിൽ ഫീഡിംഗ് ചാർജ്, യൂണിഫോം ചാർജ്, ലംപ്സം ഗ്രാന്റ് എന്നിവ നൽകിവരുന്നു. 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ലംപ്സംഗ്രാന്റിനു പുറമേ "പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്" എന്ന പേരിൽ 2014-15 മുതൽ 2000 രൂപ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ലംപ്സം ഗ്രാന്റിനു പുറമേ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സി.എസ്.എസ്. സ്കോളർഷിപ്പ്, 9 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്ക് upgradation of merit-C.S.S. എന്നീ പദ്ധതികളും നടപ്പാക്കി വരുന്നു. എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.ടെക് വിദ്യാർത്ഥികൾക്ക് Initial Expenditure അദ്ധ്യയന വർഷാരംഭത്തിൽ നൽകുന്നുണ്ട്. ബി.ടെക്, എം.ടെക്, എം.സി.എ. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, എം.ബി.ബി.എസ്. ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം എന്നിവയും വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളാണ്. സംസ്ഥാനത്തിന് പുറത്തും വിദേശത്തും പഠിക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നുണ്ട്. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്ക് (1 മുതൽ 10 വരെ) സി.എസ്.എസ്. പദ്ധതി പ്രകാരം വിദ്യാഭ്യാസാനുകൂല്യം നൽകുന്നുണ്ട്.

4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സ് വരെ പ്രതിവർഷം 4500 രൂപ വീതം അനുവദിക്കുന്ന അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, എസ്.എസ്.എൽ.സി., പ്ലസ്ടു, ടി.ടി.സി., ഡിപ്ലോമ, ഡിഗ്രി, പി.ജി., പ്രൊഫഷണൽ കോഴ്സ് എന്നിവയിൽ മികച്ച വിജയം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പ്രത്യേക പ്രോത്സാഹന പദ്ധതി, മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് നൽകുന്നതിനായുള്ള വിഷൻ 2013 പദ്ധതി ഇവയും വകുപ്പ് നടപ്പാക്കി വരുന്നു. സ്പോർട്സിൽ മികവു കാണിക്കുന്ന വിദ്യാർത്ഥികൾക്ക് 5-ാം ക്ലാസ്സ് മുതൽ പ്രവേശനം നൽകുന്നതിനായി ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂൾ വകുപ്പിന്റെ കീഴിൽ വെള്ളായണിയിൽ പ്രവർത്തിച്ചുവരുന്നു. പട്ടികജാതിയിൽപ്പെട്ട 100 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി 2014-15 വർഷം പ്രവർത്തനമാരംഭിച്ച വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജ് പാലക്കാട് ജില്ലയിലാണ് വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിനായി സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് ജില്ലകളിലായി 4 പ്രീ-എക്സാമിനേഷൻ ടെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5-ാം ക്ലാസ്സു മുതലുള്ള വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. അഖിലേന്ത്യാ സർവ്വീസുകളിലേക്കുള്ള മത്സരപരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി I-CETS പ്രവർത്തിച്ചുവരുന്നു. പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കായി 87 പ്രീ-മെട്രിക് ഹോസ്റ്റലുകളും 18 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു.

(സി) ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി മാർഗ്ഗരേഖ പ്രകാരം തുടർന്നുവരുന്ന പദ്ധതികൾക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ്/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഭരണാനുമതി ഉത്തരവ് ആവശ്യമുള്ള പദ്ധതികൾക്ക് അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് തുക ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

കൊയിലാണ്ടി മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം

319(2788) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് പട്ടികജാതി വകുപ്പ് ധനസഹായം നൽകുന്ന സ്കീമിനെക്കുറിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം ;

(സി) കൊയിലാണ്ടി മണ്ഡലത്തിലെ ഒരു സ്ഥാപനവും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly